രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു പഞ്ചായത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000 രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 5 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ വീതം ഒരു പഞ്ചായത്തിൽ നടപ്പിലാക്കുന്നതാണ്. ഇതിനായി യൂണിറ്റ് ഒന്നിന് 10,000 രൂപ നിരക്കിൽ 50,000 രൂപ ധനസഹായം നൽകുന്നതാണ്. പദ്ധതി പ്രവർത്തന ചെലവുകൾക്കായി കൃഷിഭവനുകൾക്ക് 10 ലക്ഷം രൂപയും കേര സൊസൈറ്റികൾക്ക് 10,000 രൂപ വീതവും വകയിരുത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതിയുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/കാർഷിക കർമ്മസേന അംഗങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവർ സഹകരിക്കുന്നതാണ്.

(ഡി) പദ്ധതി നിർവ്വഹണത്തിനായുള്ള പഞ്ചായത്തുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുവരുന്നു.

നിറവ് കാർഷിക പദ്ധതി

168 (3452) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓരോ നിയോജക മണ്ഡലത്തിലും നടപ്പാക്കുന്ന നിറവ് കാർഷിക പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി രേഖയും ലഭ്യമാക്കാമോ ?

ഉത്തരം

2011-12-ൽ തെരഞ്ഞെടുത്ത നിറവ് മണ്ഡലങ്ങൾക്കായി 2012-13-ൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കൃഷി വകുപ്പ് പദ്ധതികൾ അംഗീകരിക്കുകയും 2013-14-ൽ ടി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* 2013-14-ലും 2014-15-ലും തെരഞ്ഞെടുത്ത നിറവ് മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ആർ.കെ.വി.വൈ 2012-13 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ക്ഷീര വികസന വകുപ്പ് നിറവ് മണ്ഡലങ്ങൾക്കായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly